ശ്രീ. കെ. മൂസ്സക്കുട്ടി : സർ, അടുത്തകാലത്തായി സീഡ് ഫാമുകളിൽ നിന്ന് എത്ര തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ട്, എത്ര തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്, പിരിച്ചുവിട്ട തൊഴിലാളികൾക്ക് എന്ത് ആനുകൂല്യമാണ് കൊടുത്തിട്ടുള്ളത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അത് ഒരു പ്രത്യേക ചോദ്യമായിട്ടു കിട്ടിയാലേ പറയാൻ പറ്റുകയുള്ളു.

ഏലക്കായുടെ വില്പന നികുതി

* 316. [342] ശ്രീ. കെ. കെ. തോമസ് :
,, കെ.സി. ജോസഫ് :
,, ജോസ് കുറ്റിയാനി :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലക്കായുടെ വില്പന നികുതി കൃഷിക്കാരിൽ നിന്നും ഈടാക്കുന്നത് നിർത്തിവച്ച നടപടി ഗവൺമെന്റിന്റെ വരുമാനത്തെ ബാധിക്കുമോ ;

(ബി) ഇതിന് കച്ചവടക്കാരിൽ നിന്നും വില്പന നികുതി ഈടാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) തമിഴ്നാട്ടിലേയും കേരളത്തിലേയും ഏലക്കായുടെ വില്പന നികുതിയിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം തമിഴ്നാട്ടിലേക്ക് ഏലം അനധികൃതമായി കടത്തുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേരളത്തിലെ നികുതി തമിഴ്നാട്ടിലേതിനോടൊപ്പം ഏകീകരിച്ച് ഏലക്ക അനധികൃതമായി കടത്തുന്നത് അവസാനിപ്പിക്കുന്നതിനും അതുമൂലം കൂടുതൽ നികുതി ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഇല്ല.

(ബി) ലേലം പിടിക്കുന്നവരിൽനിന്നും വില്പനനികുതി ഈടാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും വില്പനനികുതി ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഏലം അനധികൃതമായി കടത്തുന്നുണ്ട്. അത് തടയുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേരളത്തിലെ നികുതി തമിഴ്നാട്ടിലേതിനോടൊപ്പം ഏകീകരിക്കുന്ന കാര്യം പരിഗണനയിലില്ല. നികുതിനിരക്കുകൾ ഏകീകരിക്കുന്നതു കൊണ്ട് മാത്രം കള്ളക്കടത്ത് തടയുന്നതിനും സാധിക്കുകയില്ല. അനധികൃതമായ കടത്ത് അവസാനിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.കെ. തോമസ് : ഏലക്കൃഷിക്കാരിൽനിന്നും നികുതി ഈടാക്കിയത് മടക്കിക്കൊടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ; എന്നുമുതൽ മുൻകാല പ്രാബല്യം ഇതിന് നൽകുന്നുണ്ട് ; നികുതി അടച്ച കൃഷിക്കാർക്ക് ഈ തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : റവന്യൂബോർഡ് ഉത്തരവു പുറപ്പെടുവിച്ചത് 7-10-1986-ലാണ്. 7-10-1986 മുതലാണ് ഇത് എഫക്ടിൽ വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.കെ. തോമസ് : ഈ തുക ഉദ്ദേശം എത്രയെന്ന് വ്യക്തമാക്കാമോ ? ആ കൃഷിക്കാർ വളരെ പ്രതിസന്ധിയിലാണ് ഈ തുക ഇവരുടെ ഉന്നമനത്തിനുവേണ്ടി ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനും അതിലെ ഷെയറാക്കി മാറ്റുന്നതിനും ഗവൺമെന്റ് പ്രോൽസാഹനം നൽകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഏലം കൃഷിക്കാർക്ക് ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് കൊണ്ടാണ് നമ്മളം ലേലം ചെയ്ത പോയിന്റിൽനിന്നുമാത്രം പുഴ ചെയ്ത് ലേലം ചെയ്യുന്നത്. അവിടെനിന്നു മാത്രം ഇത് ഈടാക്കിയാൽ മതിയെന്നു പറഞ്ഞു. അല്ലെങ്കിൽ നിരവധി കൃഷിക്കാർക്ക് പല രീതിയിൽ സ്റ്റേറേറ്റ്മെന്റ് കൊടുക്കുന്നതിന് ബുദ്ധിമുട്ട് വരുന്നതു കൊണ്ടാണ് ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് ഇങ്ങനെ ചെയ്യുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : കേരളത്തിൽ എത്ര ടൺ ഏലക്കാ ഉല്പാദിപ്പിക്കുന്നുവെന്നും എത്ര ടൺ പുറത്തേക്ക് കയറ്റി അയയ്ക്കുന്നുവെന്നും ആ കയറ്റി അയയ്ക്കുന്നയിനത്തിൽ എത്ര ടാക്സ് കേരളത്തിന് ഈടാക്കാൻ കഴിയുന്നുവെന്നും വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അത് പ്രത്യേകമായി ചോദിച്ചാൽ പറയാം.

ശ്രീ. എ.കെ. ശശീന്ദ്രൻ : ഏലം ലേലത്തിൽ പിടിക്കുന്ന ആളിൽ നിന്നാണ് ടാക്സ് ഈടാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഏലത്തിൽ 75 ശതമാനവും കേരളത്തിനു പുറത്തു വച്ചാണ് ലേലം ചെയ്തു വില്ക്കുന്നതെന്ന വസ്തുത പരിഗണിച്ച് കേരളത്തിന് നികുതി നഷ്ടപ്പെടുന്നു എന്നുള്ള കാര്യം അന്വേഷിച്ചിട്ടുണ്ടോ ; ആ വസ്തുത പരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അത് ഗവൺമെന്റ് പരിശോധിച്ച ഒരു കാര്യമാണ്. കേരളത്തിനു പുറത്തു കൊണ്ടുപോയാൽ കൃഷിക്കാർക്ക് യാതൊരു ഗുണവുമുണ്ടാകുകയില്ല. കോഴിക്കോട് ആണ് ഏലം കൃഷി കൂടുതലുള്ളത്. അത് അവിടെ പുഴ ചെയ്തിട്ടാണ്, ലേലം നടക്കുന്നത്. പിന്നെ ലേലം നടക്കണമെങ്കിൽ ബാംഗ്ലൂരിൽ കൊണ്ടുപോകണം. ഇവിടെ ആരെങ്കിലും ഒരു കിലോ ഉപയോഗിക്കാനുള്ള ആവശ്യത്തിനു കൊണ്ടുപോകുന്നതല്ലാതെ ഏലം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ട്രാൻസ്പോർട്ട് ചെയ്ത് കേരളത്തിനു പുറത്തു കൊണ്ടുപോയാൽ അവർക്ക് ആദായകരമല്ലെന്നതുകൊണ്ട് ഒരു നഷ്ടവും വരാൻ വഴിയില്ല.

കരിമ്പു കൃഷി

* 317. [343] ശ്രീ. പി.കെ.കെ. ബാവ :
,, കെ.പി.എ. മജീദ് :
,, സി.ടി. അഹമ്മദ് അലി :
,, ഇ.ടി. മുഹമ്മദ് ബഷീർ :
,, പി. എം. അബൂബക്കർ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് കരിമ്പു കൃഷി ചെയ്യുന്നു ;

(ബി) കരിമ്പിന്റെ പ്രതിവർഷ ഉല്പാദനം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly